## പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ: 262

9.7.2015 - ൽ മറുപടിയ്ക്ക്

### കയർ മേഖലയിലെ പ്രതിസന്ധി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എളമരം കരീം<br>,, എം.എ.ബേബി<br>ഡോ.ടി.എം.തോമസ് ഐസക്<br>ശ്രീ.പി.കെ.ഗുരുദാസൻ | ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പുമന്ത്രി) |
| എ) സംസ്ഥാനത്തെ കയർ മേഖല അതിരൂക്ഷമായ പ്രതിസന്ധി നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രതിസന്ധി പരിഹരിക്കുന്നതിന് എന്തെങ്കിലും ആശ്വാസ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; | എ) കയറിന്റേയും കയറുല്പന്നങ്ങളുടേയും നിർമ്മാണത്തിനാവശ്യമായ ചകിരിയുടെ ദൗർലഭ്യവും, അടിക്കടിയു ണ്ടാവുന്ന വിലവ്യതിയാനവും, കയർ മേഖലയെ അപേക്ഷിച്ച് നിർമ്മാണ മേഖല ഉൾപ്പെടെ കൂലി കൂടുതലുള്ള മറ്റു മേഖലകളിലേക്കുള്ള തൊഴിലാളികളുടെ കൊഴിഞ്ഞുപോക്കും ഉൾപ്പെടെയുള്ള കയർ മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| ബി) ഈ സർക്കാർ അധികാരമേറ്റശേഷം നടത്തിയിട്ടുള്ള കയർ മേളകൾ പ്രസ്തുത പ്രതിസന്ധി പരിഹരിക്കുന്നതിന് ഏതെങ്കിലും നിലയിൽ സഹായമായിട്ടുണ്ടോ; | ബി) ഈ സർക്കാർ അധികാരമേറ്റ ശേഷം നടത്തിയിട്ടുള്ള കയർ മേളകൾ മൂലം കയറിന്റേയും കയറുല്പന്നങ്ങളുടേയും ആഭ്യന്തര-വിദേശ വിപണി കണ്ടെത്തുവാനും കയർ കയറ്റുമതി വർദ്ധിപ്പിക്കുന്നതിനും സഹായകമായിട്ടുണ്ട് . |
| സി) പ്രസ്തുത മേളകൾക്കെല്ലാം കൂടി എന്തു തുക ചെലവഴിക്കപ്പെട്ടു എന്ന് വ്യക്തമാക്കാമോ ; മേളയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് വൻ ധൂർത്ത് നടന്നതായിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | സി) ഈ സർക്കാർ അധികാരമേറ്റ ശേഷം നടത്തിയിട്ടുള്ള കയർ മേളകളിൽ കോന്നിയിൽ വച്ചു നടന്ന 'കേരള കയർ ഫെയർ 2015' ഒഴികെ മറ്റു മേളകൾക്കെല്ലാം കൂടി 17,69,59,691/- രൂപ ചെലവഴിച്ചിട്ടു ണ്ട്. മേളയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് ധൂർത്ത് നടന്നതായിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

| | |
|---|---|
| ഡി) കയർ മേളകളും മന്ത്രിയുടെയും ഉദ്യോഗസ്ഥരുടെയും വിദേശയാത്രകളും മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിന് എപ്രകാരം ഉപകരിച്ചുവെന്ന് വ്യക്തമാക്കാമോ ? | ഡി) കയർ മേളകളുടെയും, ബഹു. മന്ത്രിയും ഉദ്യോഗസ്ഥരും അന്താരാഷ്ട്ര ഫെയറുകളിൽ പങ്കെടുക്കുന്നതിന്റെയും ഫലമായി കയർ മേഖലയിൽ പുതിയ വിദേശ കമ്പോളം കണ്ടെത്തുന്നതിനും കയറിന്റേയും കയറുല്പന്നങ്ങളുടേയും ആഗോള വിപണി മെച്ചപ്പെടുത്തുന്നതിനും കയറ്റുമതി വർദ്ധിപ്പിക്കുന്നതിനും ഉപകരിച്ചിട്ടു ണ്ട്. |

സെക്ഷൻ ഓഫീസർ